സാധിക്കാതായിട്ട് ഏറെക്കാലമായി. ഇതിനർത്ഥം മററു സ്റ്റേററുകളിൽ ജീവന് രക്ഷയുണ്ടെന്നല്ല. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്ഥിതി ആലോചിക്കുക. താരതമ്യേന ഏററവും ഭേദമായ കേരളത്തിലെ നില നമുക്ക് അറിയാമല്ലോ. തെമ്മാടികൾക്ക് എവിടെയും അഴിഞ്ഞാടാമെന്ന ഇന്നത്തെ സ്ഥിതി ഇന്ത്യയിലെങ്ങും അവസാനിക്കുകതന്നെ വേണം.

ആദ്യം ജനങ്ങൾക്കു ജീവരക്ഷ നൽകുക. സോഷ്യലിസവും കമ്യൂണിസവും സർവോദയവും മററ് അനർഘാനുഗ്രഹങ്ങളും എല്ലാം പിന്നെ മതി. സർക്കാരിൻെറ പ്രാഥമിക കർത്തവ്യം ജനങ്ങളുടെ ജീവൻ രക്ഷിക്കലാണ്. ആ കർത്തവ്യം നിറവേററുന്നതിലാണ് ഇന്ത്യയിലെ സംസ്ഥാന സർക്കാരുകൾ, ഏറിയും കുറഞ്ഞും പരാജയപ്പെട്ടിരിക്കുന്നത്.

ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ വേരുറയ്ക്കാൻ തുടങ്ങിയ കാലത്തും സ്ഥിതി മിക്കവാറും ഇന്നത്തേതുതന്നെയായിരുന്നു. മുഗൾവാഴ്ചയുടെ തകർച്ചയെത്തുടർന്ന് നിയമരാഹിത്യം വ്യാപകമായിരുന്നു. കൊള്ളക്കാരുടെ സംഘങ്ങൾ ധാരാളമായിരുന്നു. മതത്തിൻെറ പേരിൽ മനുഷ്യക്കുരുതി നടത്തിയിരുന്ന ഠഗ്ഗുകളും പിണ്ഡാരികളും സമാധാന ജീവിതത്തിനു വലിയ ഭീഷണിയായിരുന്നു. യാത്രപോയവർ തിരികെ വരുമെന്ന് ഒരുറപ്പും ഉണ്ടായിരുന്നില്ല.

കർശന നടപടികൾകൊണ്ട് ആദ്യകാലത്തെ ബ്രിട്ടീഷ് ഭരണാധികൃതർ ഈ ദുരവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കി. കൊള്ളക്കാരെ അവർ നിരായുധീകരിച്ചു. ഠഗ്ഗുകളെയും പിണ്ഡാരികളെയും തുടർന്നു പിടികൂടി സംക്ഷിപ്ത വിചാരണ നടത്തി. കുററക്കാരെ അടുത്തു കണ്ട മരത്തിൽ തൂക്കി. ദൈവദത്തമായ ഒരനുഗ്രഹംപോലെ ജനങ്ങളിൽ ഭൂരിഭാഗവും ബ്രിട്ടീഷ് ഭരണത്തെ സ്വാഗതം ചെയ്തു. ഒരു പിടി ഇംഗ്ലീഷുകാർക്ക് ഒന്നരനൂററാണ്ടുകാലം ഈ മഹാരാജ്യം ഭരിക്കാൻ കഴിഞ്ഞതിൻെറ കാരണമന്വേഷിച്ച് മറെറങ്ങും പോകേണ്ടതില്ല. അവർ ജനങ്ങളുടെ ജീവനു രക്ഷ നൽകി.

ഇന്ന് നാട്ടിലെങ്ങും ഠഗ്ഗുകളും പിണ്ഡാരികളും നിറഞ്ഞിരിക്കുന്നു. ജാതിയുടെ പേരിൽ, മതത്തിൻെറ പേരിൽ, ഭാഷയുടെ പേരിൽ, പ്രദേശത്തിൻെറ പേരിൽ, രാഷ്ട്രീയതത്ത്വശാസ്ത്രങ്ങളുടെ പേരിൽ, അവർ ജനങ്ങളെ കൊള്ളയടിക്കുന്നു. പോരാഞ്ഞ്, കുത്തിയും വെടിവെച്ചും ജനങ്ങളെ കൊല്ലുന്നു. പരിഷ്കൃത വേഷം ധരിച്ച ഈ ഠഗ്ഗുകളെയും പിണ്ഡാരികളെയും അമർച്ചചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ഗവണ്മെൻറിന്, ഏതു പാർട്ടിയുടെ ഗവണ്മെൻറായാലും, ഇവിടെ ഭരിക്കാൻ അവകാശമില്ല.

മൗലികമായ, ലളിതമായ ഈ സത്യം ഇന്ത്യയിലെ ഗവണ്മെൻറുകൾ സംസ്ഥാനഗവണ്മെൻറുകളും, കേന്ദ്രഗവണ്മെൻറും മനസ്സിലാക്കട്ടെ!

# 37. കന്നഡം കർണ്ണാടകത്തിൽ

ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പിക്കുന്നതിനുവേണ്ടി ജനങ്ങളുടെ ഭാഷയിലൂടെ ഭരണം നടത്തുകയെന്നതു് ജനാധിപത്യത്തിൻെറ അസ്ഥിവാരമാണ്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഭാഷാ—അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തതു് സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ഇന്ത്യൻ ജനത മുഴുവൻ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെയായിരുന്നു. സ്വാതന്ത്ര്യം ലഭിച്ചാൽ ഭാഷാ—അടിസ്ഥാനത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളെ പുനസ്സംഘടിപ്പിക്കുമെന്നും, സംസ്ഥാനങ്ങളി

ലെ വിദ്യാഭ്യാസവും ഭരണവും നീതിന്യായ നിർവഹണവും പ്രാദേശിക ഭാഷകളിലൂടെയും കേന്ദ്രത്തിലെ ഭരണവും നീതിന്യായ നിർവഹണവും രാഷ്ട്രഭാഷയായ ഹിന്ദിയിലൂടെയും ആക്കുമെന്നും കോൺഗ്രസ് ആവർത്തിച്ചാവർത്തിച്ച് പ്രതിജ്ഞ ചെയ്തിട്ടുണ്ട്.

സ്വാതന്ത്ര്യം നേടിക്കഴിഞ്ഞ ശേഷം അധികാരത്തിൽ വന്ന കോൺഗ്രസ് ഈ പ്രതിജ്ഞയെ ഏറെക്കുറെ അവഗണിക്കുകയാണു ചെയ്തത്. ഇംഗ്ലണ്ടിൽ പഠിച്ച് ഓക്സ്-ബ്രിജ് സംസ്കാരത്തിൽ വളർന്ന ജവാഹർലാൽ നെഹ്റുവിനു സ്വന്തം ഭാഷയായ ഹിന്ദിയടക്കം ഇന്ത്യയിലെ പ്രാദേശിക ഭാഷകളെപ്പറ്റി ഒരു മതിപ്പുമുണ്ടായിരുന്നില്ല; ഇംഗ്ലീഷ് ഭാഷയുടെ സർവാതിശായിത്വത്തെപ്പറ്റി പൂർണവിശ്വാസം ഉണ്ടായിരുന്നുതാനും. സ്വാതന്ത്ര്യാനന്തരം കേന്ദ്രത്തിൽ വിദ്യാഭ്യാസമന്ത്രിമാരായിത്തീർന്നവർ, ഏറെക്കുറെ മുഴുവനും, ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ആസാദ് അടക്കം, ആ ജോലിയിൽ താല്പര്യമില്ലാത്തവരോ, അതിനു കൊള്ളാത്തവരോ ആയിരുന്നു. അതിനാൽ സ്വാതന്ത്ര്യത്തിനു ശേഷവും, ചില ഗവണ്മെൻറ് തലവന്മാർ ഇടയ്ക്കിടെ പ്രാദേശിക ഭാഷകൾക്ക് അധരപൂജ നല്കിവന്നാലും, ഇംഗ്ലീഷിന്റെ ആധിപത്യം ഇന്ത്യയിൽ നിലനിന്നു; പുതിയ പുതിയ രംഗങ്ങളിലേക്ക് ഈ ആധിപത്യം വ്യാപിക്കുകയും ചെയ്തു.

വ്യാപകമായ ജനകീയ പ്രക്ഷോഭണങ്ങളുടെയും, പോട്ടി ശ്രീരാമുലുവിനെപ്പോലെയുള്ള സ്വാതന്ത്ര്യ ഭടന്മാരുടെ ആത്മാഹുതികളുടെയും ഫലമായി ജവാഹർലാൽ നെഹ്റുവിനു ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനർവിഭജിക്കേണ്ടി വന്നു. എന്നാൽ, ഈ പ്രക്ഷോഭണങ്ങളിൽ നേതൃത്വം വഹിച്ചവർക്കു പോലും, ഭരണവും വിദ്യാഭ്യാസവും നീതിന്യായ നിർവഹണവും സാധാരണ ജനങ്ങളുടെ ഭാഷയിൽ ആക്കുന്നതിൽ താല്പര്യമുണ്ടായിരുന്നില്ല. കൂടുതൽ സംസ്ഥാനങ്ങളുണ്ടാകുമ്പോൾ കൂടുതൽ ആളുകൾക്കു ഗവർണർമാരും മന്ത്രിമാരും എം. എൽ. എ. മാരുമൊക്കെ ആകാമല്ലോ എന്നതു മാത്രമായിരുന്നു അവരുടെ ഉന്നം.

കെ. പി. കേശവമേനോൻ അദ്ധ്യക്ഷനായിരുന്ന ഐക്യകേരളക്കമ്മിറ്റിയുടെ ഒരു നിവേദക സംഘം കേരള സംസ്ഥാനം രൂപവത്ക്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന സർദാർ പട്ടേലിനെ കണ്ട വിവരം, ആ സംഘത്തിൽ അംഗമായിരുന്ന കെ. എ. ദാമോദരമേനോൻ എന്നോടു പറഞ്ഞിട്ടുണ്ട്. മെമ്മോറാണ്ടം കൈയിൽ വാങ്ങി സർദാർ പട്ടേൽ ഇംഗ്ലീഷിൽ ചോദിച്ചു: 'അപ്പോൾ, നിങ്ങൾക്കെല്ലാം മന്ത്രിമാരാവണം അല്ലേ?' കൂടിക്കാഴ്ച അതോടെ അവസാനിക്കുകയും ചെയ്തു. ഭാഷാസംസ്ഥാനപ്രക്ഷോഭണത്തിനു നേതൃത്വം നല്കിയവരുടെ ഉള്ളിലിരുപ്പ് സർദാർ പട്ടേൽ വ്യക്തമായി കണ്ടു; ശക്തമായും ഹ്രസ്വമായും അതു് ആവിഷ്കരിക്കുകയും ചെയ്തു!

ഭാഷാസംസ്ഥാനങ്ങൾ നിലവിൽ വന്ന ശേഷവും വിദ്യാഭ്യാസത്തിലോ ഭരണത്തിലോ നീതിന്യായ നിർവഹണത്തിലോ പ്രാദേശിക ഭാഷകൾക്ക് അവയർഹിക്കുന്ന സ്ഥാനം നല്കപ്പെടുകയുണ്ടായില്ല. മറിച്ച്, ഇംഗ്ലീഷിന്റെ പ്രാധാന്യം കൂടുതൽ കൂടുതൽ ഉറപ്പിക്കുന്നതിലേക്കാണ് കാര്യങ്ങൾ നീങ്ങിയതു്. ഇന്ത്യക്കു സ്വാതന്ത്ര്യം നല്കുന്നതു നീട്ടിക്കൊണ്ടു പോകാൻ ഇംഗ്ലീഷുകാർ സഫലമായി കൈക്കൊണ്ട അടവുതന്നെയാണ് ഈ കാര്യത്തിൽ ഇന്ത്യയുടെ പുതിയ ഭരണാധികാരിവർഗവും കൈക്കൊണ്ടതു്. (പാർട്ടി ലേബൽ എന്തായാലും, ഇംഗ്ലീഷിലൂടെ വിദ്യാഭ്യാസം നേടിയ ഉയർന്ന ഇടത്തരക്കാരുടെ ഒരേ ഒരു വർഗമാണല്ലോ ഇന്ത്യയുടെ ഭരണം നടത്തുന്നതും അതുകൊണ്ടുള്ള ഗുണം അനുഭവിക്കുന്നതും). ന്യൂനപക്ഷങ്ങൾ ഭാഷാമാറ്റത്തിനെതിരാണെന്ന പൊള്ളവാദം അവർ

ഉയർത്തി. ഇടത്തരക്കാർക്കിടയിൽ പറയത്തക്ക സ്വാധീനശക്തിയുള്ള ഇംഗ്ലീഷ് പത്രങ്ങൾ ഈ പ്രചാരവേലയ്ക്ക് അവയുടെ വരി നല്കുകയും ചെയ്തു. കോൺഗ്രസ്സിന്റെ കൈകളിൽ നിന്നു ഭരണം പിടിച്ചടക്കുന്നതിനു വെമ്പുന്ന പ്രാദേശിക പാർട്ടികൾ 'ഹിന്ദി ഒഴിക' പ്രക്ഷോഭണങ്ങളും 'അംഗ്രേജീ ഹടാവോ' പ്രക്ഷോഭണങ്ങളും ഇടയ്ക്കിടെ ഇളക്കിവിട്ടെങ്കിലും അധികാരത്തിൽ വന്നശേഷം ഈ പാർട്ടികളും വിദ്യാഭ്യാസ-ഭരണ-നീതിന്യായ-രംഗങ്ങളിൽ പ്രാദേശിക ഭാഷയുടെ ഉപയോഗം തടയാനല്ലെങ്കിൽ താമസിപ്പിക്കാനെങ്കിലും ഉതകുന്ന തരത്തിലേ പ്രവർത്തിച്ചിട്ടുള്ളു. മാതൃഭാഷാ പ്രേമത്തിൽ മററാരെക്കാളും മുമ്പിൽ നില്ക്കുന്ന തമിഴ്നാട്ടിൽപ്പോലും വിദ്യാഭ്യാസ-ഭരണ-നീതിന്യായ-രംഗങ്ങളിൽ ഇംഗ്ലീഷിനോടു തുല്യമായ പ്രാധാന്യം തമിഴിന് ഇനിയും കൈവന്നിട്ടില്ല. 'അംഗ്രേജീ ഹടാവോ' പ്രക്ഷോഭണങ്ങൾക്ക് വിളികൊണ്ട ബീഹാറിലും യു. പി. യിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ സംഖ്യ ആണ്ടോടാണ്ടു പെരുകി വരുകയാണ്. സർദാർജിമാർ വ്യാപാരാടിസ്ഥാനത്തിൽ നടത്തുന്ന 'കോൺവെൻറ്' സ്കൂളുകളിൽ വലിയ ഫീസ് കൊടുത്തു കുട്ടികളെ അയയ്ക്കുന്നതാണ് ആഭിജാത്യ ലക്ഷണം എന്നത്രേ, സാക്ഷരതയിൽ ഏററവും പിന്നിൽ നില്ക്കുന്ന ബീഹാറിലെ ഇടത്തരക്കാർ കരുതുന്നത്!

ബോംബെ, മദ്രാസ് എന്നീ സംസ്ഥാനങ്ങളിലും മൈസൂർ നാട്ടുരാജ്യത്തിലുമായി മുറിഞ്ഞു കിടന്നിരുന്ന കർണാടക പ്രദേശം ഒരൊററ സംസ്ഥാനമാവുന്നതിനു വലിയ വില കർണാടകക്കാർ കൊടുക്കുകയുണ്ടായി. ഒടുവിൽ കർണാടക സംസ്ഥാനം നിലവിൽ വന്നപ്പോഴും വിദ്യാഭ്യാസത്തിലും ഭരണത്തിലും ഇംഗ്ലീഷിനുള്ള പ്രാധാന്യം അവിടെ തുടർന്നു തന്നെ വന്നു. കർണാടക സംസ്ഥാനത്തിലെ കോളേജുകളിൽ കന്നഡത്തിനുള്ള പദവി ഏതാണ്ടു കേരളത്തിലെ കോളേജുകളിൽ മലയാളത്തിനുള്ളതു തന്നെയാണ്. ബ്രിട്ടീഷ് ഭരണത്തിനു കീഴിൽത്തന്നെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് നിർബന്ധിതമാണെങ്കിലും, പ്രാദേശികഭാഷകളെ പലേടത്തും 'ഒന്നാം ഭാഷ'യായി കണക്കാക്കി വന്നിരുന്നു. കർണാടക സംസ്ഥാനത്തിലാകട്ടെ കന്നഡത്തോടൊപ്പം സംസ്കൃതത്തെയും ഒന്നാംഭാഷയായി കണക്കാക്കുന്നതു തുടർന്നു.

വിദ്യാഭ്യാസത്തിൽ ത്രിഭാഷാ സിദ്ധാന്തം ആവിഷ്കരിക്കപ്പെട്ടതു 1961-ൽ ആണ്. ഇതനുസരിച്ചു പ്രാദേശികഭാഷയായിരിക്കും ഒന്നാം ഭാഷ. പ്രൈമറി സെക്കണ്ടറി ഘട്ടങ്ങളിൽ അതു് എല്ലാവരും പഠിക്കണം. അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദിയും, ഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദിയല്ലാത്ത ഒരു ഭാരതീയഭാഷയും പഠിക്കാനും വിദ്യാർത്ഥികൾ നിർബദ്ധരാണ്. ഈ പഠിപ്പ് 5-ാം ക്ലാസ്സുമുതലോ 7-ാം ക്ലാസ്സുമുതലോ തുടങ്ങാം. ഇംഗ്ലീഷോ മറേറതെങ്കിലും യൂറോപ്യൻഭാഷയോ ആണ് നിർബന്ധിതമായ മറെറാരു വിഷയം. സെക്കണ്ടറി ഘട്ടത്തിൽ ചുരുങ്ങിയതു രണ്ടു കൊല്ലമെങ്കിലും ഈ ഭാഷ പഠിപ്പിക്കണം. ഇവയ്ക്കു പുറമേ, പ്രാദേശികഭാഷയിൽ നിന്നു വ്യത്യസ്തമായ മാതൃഭാഷയുള്ള ന്യൂനപക്ഷങ്ങൾക്കു പ്രാഥമിക ഘട്ടത്തിൽ സ്വന്തം മാതൃഭാഷ പഠിക്കാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കണം. ത്രിഭാഷാ സിദ്ധാന്തത്തിന്റെ രത്നച്ചുരുക്കം ഇതാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസത്തിൽ ഭാഷകളുടെ പ്രശ്നം പരിഹരിക്കാൻ ഈ സിദ്ധാന്തം നടപ്പിലാക്കേണ്ടതാവശ്യമാണെന്ന് സിദ്ധാന്തപരമായെങ്കിലും എല്ലാവരും സമ്മതിക്കുന്നുണ്ട്.

എന്നാൽ, ഈ തത്ത്വം, ആത്മാർത്ഥമായി നടപ്പിൽ വരുത്തുന്നതിനല്ല, ഒഴികഴിവുകൾ പറഞ്ഞ് അതു നടപ്പിലാക്കാതിരിക്കുന്നതിന്നാണ്, ഭരണവർഗം എല്ലാ സ്റ്റേററുകളിലും ശ്രമിച്ചു വരുന്നത്.

കർണാടക സംസ്ഥാനത്തിൽ ഒന്നാംഭാഷ എന്ന പദവി കന്നഡത്തിനു മാത്രമായിരിക്കണമെന്ന പ്രക്ഷോഭണം വളരെക്കാലമായി തുടർന്നു വന്നിരുന്നു. മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ അരശ് ഈ തത്ത്വം അംഗീകരിച്ചു. അരശ് ഒരു പിന്നോക്ക സമുദായക്കാരനാണല്ലോ. കർണാടക സംസ്ഥാനത്തിലെ രാഷ്ട്രീയത്തിൽ ബ്രാഹ്മണർ ഒരു പ്രബല ശക്തിയാണ്. അരശിൻെറ ഭാഷാനയം ബ്രാഹ്മണരുടെ മതഭാഷയായ സംസ്കൃതത്തിനെതിരാണെന്ന വാദം, അരശിനെ എതിർക്കുന്നതിന് അദ്ദേഹത്തിൻെറ രാഷ്ട്രീയ ശത്രുക്കൾ പറഞ്ഞുപരത്തി. അരശിനെത്തുടർന്ന് മുഖ്യമന്ത്രിയായ ഗുണ്ടുറാവു ബ്രാഹ്മണനാണ്. സംസ്കൃതത്തിനു പഴയ പദവി താൻ നല്കുമെന്ന് ഗുണ്ടുറാവു പ്രസ്താവിച്ചു. കർണാടക സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിൽ ഭാഷകൾക്കുണ്ടായിരിക്കേണ്ട സ്ഥാനം സമഗ്രമായി പഠിച്ച് ഒരു റിപ്പോർട്ട സമർപ്പിക്കാൻ പ്രസിദ്ധ കന്നഡ കവിയും മുൻ വൈസ് ചാൻസലറുമായ പ്രഫസർ ഗോകാക്കിൻെറ അധ്യക്ഷതയിൽ ഒരു കമ്മററിയെ നിയമിക്കുകയും ചെയ്തു. കന്നഡഭാഷയുടെ പ്രാധാന്യം കുറയ്ക്കുവാനാണ് ഈ കമ്മററി ശ്രമിക്കുക എന്ന മുൻ ധാരണയിൽ, പറയത്തക്ക എതിർപ്പ് ഈ കമ്മററി ഉത്തര കർണാടകത്തിൽ നേരിടുകയുണ്ടായി. എന്നാൽ, ഗോകാക്ക് കമ്മററിയുടെ റിപ്പോർട്ട പുറത്തുവന്നപ്പോൾ, കന്നഡപ്രേമികളുടെ അഭിലാഷങ്ങളെ അതു തികച്ചും നിറവേററി.

കർണാടക സംസ്ഥാനത്തിലെ പരിതഃസ്ഥിതികൾക്കനുസൃതമായി ത്രിഭാഷാസിദ്ധാന്തത്തെ വ്യാഖ്യാനിക്കുകയേ ഗോകാക്ക് കമ്മററി ചെയ്തിട്ടുള്ളു. ഇതിൻപ്രകാരം, പ്രാഥമിക വിദ്യാലയങ്ങളിൽ പ്രാദേശിക ഭാഷയായ കന്നഡമോ, വിദ്യാർത്ഥികളുടെ മാതൃഭാഷ കന്നഡമല്ലെങ്കിൽ (തുളു, മറാഠി, തമിഴ്, കൊങ്കണി മുതലായവ മാതൃഭാഷയായ ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ കർണാടകത്തിലുണ്ട്.) മാതൃഭാഷയോ ആയിരിക്കണം മുഖ്യഭാഷ. പക്ഷേ, ഒന്നും രണ്ടും ക്ലാസ്സുകളിൽ കന്നഡം പഠിക്കാത്ത കുട്ടികളെ മൂന്നാം ക്ലാസ്സുമുതൽ കന്നഡവും പഠിപ്പിക്കണം. ഹൈസ്കൂംഘട്ടത്തിൽ ഒരേ ഒരു ഒന്നാംഭാഷയേ ഉണ്ടാവൂ; അതു കന്നഡമായിരിക്കും. തമിഴ്, തെലുങ്ക്, മലയാളം, മറാഠി, ഗുജറാത്തി, ഹിന്ദി, ഇംഗ്ലീഷ് എന്നീ ആധുനിക ഭാഷകളിലൊന്നോ, സംസ്കൃതം, അറബി, പേഴ്സ്യൻ, ലത്തീൻ, ഗ്രീക്ക് എന്നീ ക്ലാസ്സിക്കൽഭാഷകളിലൊന്നോ, ഏതു വേണമെങ്കിലതു്, രണ്ടാംഭാഷയായി വിദ്യാർത്ഥികൾ ഈ ഘട്ടത്തിൽ പഠിക്കണം. എസ്. എസ്. എൽ. സി. പരീക്ഷയിൽ ഈ രണ്ടു ഭാഷകൾക്കും തുല്യപ്രാധാന്യം നല്കപ്പെടും. രണ്ടാംഭാഷയായി നിർദേശിക്കപ്പെട്ടവയിലൊന്നുതന്നെ മൂന്നാംഭാഷയായും കുട്ടികൾ പഠിക്കണം. പക്ഷേ, ഇതിനു പ്രാധാന്യം കുറവായിരിക്കും. വിദ്യാർത്ഥികൾക്ക് കന്നഡവും ഇംഗ്ലീഷും ഹിന്ദിയും പഠിക്കാനുള്ള സൗകര്യം ഈ ഫോർമുല നല്കുന്നുണ്ട്. വേണ്ടവർക്ക് സംസ്കൃതം, അറബി മുതലായ ക്ലാസിക്കൽ ഭാഷകളോ ഉർദു മുതലായ മററു ഭാരതീയഭാഷകളോ പഠിക്കാനും ഇതിൽ വ്യവസ്ഥയുണ്ട്. വിദ്യാർത്ഥികളുടെ ആവശ്യമനുസരിച്ച് അദ്ധ്യാപകരെ സർക്കാർ നിയമിക്കുമോ (അതായതു് ആത്മാർത്ഥതയോടെ ഈ പരിപാടി നടപ്പിൽ വരുത്തുമോ) എന്ന കാര്യത്തിലേ സംശയമുള്ളു.

ഗോകാക്ക് കമ്മിററി റിപ്പോർട്ട് കുറച്ചുകാലം ഗുണ്ടുറാവുവിൻെറ സർക്കാർ പുറത്തു വിടുകയുണ്ടായില്ല. ഇതുതന്നെ സംശയാസ്പദമായിരുന്നു. പിന്നീട്, ഗുണ്ടുറാവുവിൻെറ സുഹൃത്തും ഇന്ദിരാകോൺഗ്രസ്സിൻെറ ഒരു നേതാവുമായ എഫ്. എം. ഖാൻെറ നേതൃത്വത്തിൽ ഉർദു ന്യൂനപക്ഷത്തിൻെറ പേരിൽ ഗോകാക്ക്ഫോർമുലയ്ക്കെതിരായി ഒരു പ്രക്ഷോഭണം സംഘടിപ്പിക്കപ്പെട്ടു. കന്നഡം ഏക പ്രഥമഭാഷയോ നിർബന്ധിതഭാഷയോ ആകുന്ന

ത്തുകൊണ്ട് മത-ഭാഷാ-ന്യൂനപക്ഷങ്ങൾക്ക് പ്രയാസമുണ്ടാകുമെന്നായിരുന്നു പ്രക്ഷോഭകരുടെ വാദം. ഭരണസാരഥ്യം വഹിക്കുന്ന ഇന്ദിരാ കോൺഗ്രസ്സ് തന്നെ ആണ് ഈ പ്രക്ഷോഭണത്തിന്റെ പിന്നിലെന്നതു് സ്പഷ്ടമായിരുന്നു

കർണാടകത്തിലെ സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകന്മാരും ഗോകാക്ക് കമ്മററി റിപ്പോർട്ട് അതേപടി നടപ്പിലാക്കിക്കിട്ടുവാൻവേണ്ടി പ്രക്ഷോഭണമാരംഭിച്ചു. ആധുനിക കന്നഡ സാഹിത്യത്തിലെ ഭീഷ്മാചാര്യർ എന്നു വിളിക്കാവുന്ന, വൃദ്ധനായ നാടകകൃത്ത് ആദ്യരംഗാചാര്യ, ബാംഗ്ലൂർ സർവകലാശാലയിലെ കന്നഡ പ്രൊഫസറും കവിയുമായ ശിവരുദ്രപ്പ മുതലായവർ ഈ പ്രക്ഷോഭണത്തിൽ അറസ്റ്റു ചെയ്യപ്പെട്ടു

ഒടുവിൽ, ഹൈസ്കൂൾ ഘട്ടത്തിൽ കന്നഡം ഏക-പ്രഥമഭാഷയാവണമെന്ന ഗോകാക്ക് കമ്മററി ശുപാർശ കർണാടകസർക്കാർ നിരസിച്ചിരിക്കുകയാണ്. കന്നഡമോ, ഹിന്ദി, തെലുങ്ക്, തമിഴ്, ഉർദു, മറാഠി, ഇംഗ്ലീഷ് എന്നിവയിലൊന്നോ, ആയിരിക്കും പ്രഥമഭാഷ. എസ്. എസ്. എൽ. സി. പരീക്ഷയിൽ ഈ ഭാഷയ്ക്കു 150 മാർക്കുണ്ടാവും. ഒന്നാം ഭാഷയ്ക്കു പുറമേ, കന്നഡം, മറാഠി, ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം, അറബിക്, പേഴ്സ്യൻ, എന്നിവയിൽ നിന്ന് രണ്ടു ഭാഷകൾ കൂടി വിദ്യാർത്ഥികൾ പഠിക്കണം. ഇവയിലോരോന്നിനും 100 മാർക്കു വീതമേ എസ്. എസ്. എൽ. സി-യിലുണ്ടാവൂ.

സംസ്കൃതത്തെ ഒന്നാംഭാഷയുടെ സ്ഥാനത്തുനിന്നു വലിച്ചിറക്കി, ആ സ്ഥാനത്ത് മറെറാരുകൂട്ടം ഭാഷകളെ പ്രതിഷ്ഠിച്ചു എന്നതാണ് ഗുണ്ടുറാവു പദ്ധതിയുടെ സവിശേഷത. ഇംഗ്ലീഷ്, ഹൈസ്കൂളുകളിലെ മുഖ്യഭാഷയായി തുടരുകയാവും ഇതിന്റെ പ്രായോഗികഫലം. കന്നഡം പേരിന് നിർബന്ധിത വിഷയമാക്കിയിട്ടുണ്ട്. പക്ഷേ, അതിന്റെ പ്രാധാന്യം വളരെ കുറഞ്ഞിരിക്കുന്നു.

കർണാടക സംസ്ഥാനത്തിലെ ജനജീവിതത്തിൽ കന്നഡത്തിന് അവകാശപ്പെട്ട പദവി ലഭിക്കണമെങ്കിൽ, അതിനുവേണ്ടി കന്നഡത്തിലെ ജനങ്ങൾ ഇനിയുമെത്രയോ കണ്ണീരും വിയർപ്പും ചോരയും ഒഴുക്കേണ്ടതുണ്ട്. അതു് അവർ ചെയ്യുമെന്ന് ന്യായമായും നമുക്കു പ്രതീക്ഷിക്കുകയും ചെയ്യാം.

കേരളത്തിൽ ഒരു തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. കണ്ടേടത്തോളം ഒരൊററ പ്രകടനപത്രികയേ ഭാഷാപ്രശ്നത്തെ സ്പർശിച്ചിട്ടുള്ളൂ. ആ പ്രകടനപത്രിക ബി. ജെ. പി-യുടേയാണ്. വിദ്യാഭ്യാസം മാതൃഭാഷയിലൂടെയാകുമെന്ന് ഒഴുക്കനായി അതിൽ പറഞ്ഞിട്ടുണ്ട്. മററു കക്ഷികളെല്ലാം ഇതൊരു പ്രശ്നമായി കണക്കാക്കിയിട്ടേയില്ല. ജനങ്ങൾക്കു ഭരണത്തിൽ പങ്കാളിത്തം, ജനതയുടെ സാംസ്കാരിക മുന്നേററം മുതലായവ ഇവിടെ തിരഞ്ഞെടുപ്പിൽ ഒരിക്കലും പ്രശ്നമാവാറില്ലല്ലോ. തിരഞ്ഞെടുപ്പു കഴിഞ്ഞാലാവട്ടെ, ചെറുക്കാനാവാത്ത സമ്മർദ്ദം ഉണ്ടെങ്കിലല്ലാതെ, ഇത്തരം കാര്യങ്ങൾ ഒരു പാർട്ടിയും ശ്രദ്ധിക്കാറുമില്ല.

21 ഏപ്രിൽ 1982